നം. കെഎസ്എ കെടിഎം പി6-1960/19 തീയതി 04.02.2020

# കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) ,***
***1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ***
***കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

കോട്ടയം ജില്ലയിലെ **തലയാഴം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.10.2018 മുതൽ 30.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 20.12.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.12.2019 മുതൽ 21.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഇന്ദുലേഖ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ്.പി.വി | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ഷീല വി ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ലിജി സലഞ്ച്‌രാജ് | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ. ടി.ജെ.രാജു | 01.04.2018-15.04.2018 |

| | | |
|---|---|---|
| | ശ്രീമതി.എം.എസ് ഷൈനി | 16.04.2018-20.06.2018 |
| | ശ്രീ.ടി.സുരേഷ് കുമാർ | 21.06.2018-05.07.2018 |
| | ശ്രീ. കെ.സുരേഷ് കുമാർ | 5.07.2018-31.03.2019 |
| ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ. പുഷ്കരൻ | 01.04.2018-31.03.2019 |
| ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.റെജിമോൻ ജി | 01.04.2018-31.03.2019 |
| വികസനസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീമതി.സുശീലാകുമാരി.പി | 01.04.2018-31.03.2019 |
| ആരോഗ്യ-വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീമതി.സന്ധ്യ അനീഷ് | 01.04.2018-31.03.2019 |

**(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സിജി.എൻ നാഥ് | 1.04.2018-31.03.2019 |
| വെറ്ററിനറി സർജൻ | ഒ.ടി തങ്കച്ചൻ | 1.04.2018-31.03.2019 |
| വി.ഇ.ഒ | ശ്രീ.റോമി.കെ.ഡി | 1.04.2018-06.04.18 |
| | ശ്രീ.മനോജ് മുകുന്ദൻ | 06.04.18-31.03.2019 |
| | ശ്രീമതി.മേരി ബനിഞ്ജ | 1.04.2018-28.11.18 |
| | ശ്രീമതി.ജിഷ പി.ടി | 28.11.18-31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സുശാന്ത് പി.എസ് | 1.04.18-13.03.19 |
| | ഡോ.ജ്യോത്സ്ന ബഷീർ | 14.03.19-31.03.2019 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ ധന്യ രവി | 1.04.2018-13.09.19 |
| | ഡോ.അമ്പിളി പി ആർ. | 13.09.19-31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബലരാജ്.എസ് | 1.04.2018-31.03.2019 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സോണിയ വി എസ് | 1.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി. മായാദേവി പി.ആർ | 1.04.2018-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | ശ്രീമതി. പ്രീതി സി | 1.04.2018-31.03.2019 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ഡെലിൻ കെ പി | 1.04.2018-31.03.2019 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ക്യാഷ് വെരിഫിക്കേഷൻ |
| 1-5 | ആഭ്യന്തര നിയന്ത്രണം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ വിശകലനവും പരിശോധനയും |
| 1-8 | ദൈനംദിന പണം പിരിവ്/ഒടുക്ക് – രേഖകളുടെ സൂക്ഷിപ്പിലെ ന്യൂനതകൾ |
| 1-9 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ |
| 1-10 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല |
| 1-11 | ലൈസൻസ് – ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല |
| 1-12 | റേഷൻ കടകൾ, മാവേലി സ്റ്റോർ, ക്ഷീരസംഘങ്ങൾ, കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് |
| 1-13 | ലൈസൻസ് നൽകൽ- വിശദാംശങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച് |
| 1-14 | സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ – രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു |
| 1-15 | ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 1-16 | വാടക കുടിശിക ഈടാക്കിയിട്ടില്ല |
| 1-17 | ലേലം – ഹോർഡിംഗുകൾ ലേലം ചെയ്തത് സംബന്ധിച്ച് |
| 1-18 | ലേലം – തേക്ക് മരം ലേലം ചെയ്ത് മുതൽക്കുട്ടിയില്ല |
| 1-19 | ഇ-ടെൻഡർ- ടെൻഡർ ഫോറം വില തിരികെ ലഭിച്ചില്ല |
| 1-20 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ – ചെലവഴിക്കാനവശേഷിക്കുന്നത് |
| 1-21 | ഭൂമി വാങ്ങൽ – തുടർനടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-22 | ഓഫീസ് കറന്റ് ചാർജ് സ്വകാര്യവ്യക്തിയുടെ പേരിൽ അടവാക്കുന്നു |

| | |
|---|---|
| 1-23 | ഹരിതഭവനം പദ്ധതി- സബ്സിഡി നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-24 | ഡെപ്പോസിറ്റ് വർക്ക് – സെന്റേജ് ചാർജ് അധികമായി നൽകി |
| 1-25 | ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ – വിതരണ വിവരമില്ല |
| 1-26 | ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ- ശൃംഖലയുമായി ബന്ധിപ്പിച്ചില്ല |
| 1-27 | കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം – പൂർത്തിയാക്കിയില്ല |
| 1-28 | വെറ്ററിനറി സർജൻ നിർവഹിച്ച പ്രോജക്ടുകളിലെ അപാകതകൾ |
| 1-29 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല |
| 1-30 | പാലിയേറ്റീവ് കെയർ- മരുന്ന് ലഭ്യമായില്ല |
| 1-31 | ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു |
| 1-32 | ഹരിതകർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും – തുടർപ്രവർത്തനം – വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-33 | വയോജനങ്ങൾക്ക് കട്ടിൽ- വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല |
| 1-34 | വിവിധ ക്ഷേമപെൻഷനുകൾ- അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം |
| **ഭാഗം 2 വരവ്-<br>വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല** | |
| **ഭാഗം 3 ചെലവ് –<br>വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല** | |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | |
|---|---|
| 4-9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19വർഷത്തെ കരട് ബജറ്റ് 08.02.2019 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 6200000 | 5565432 | | 634568 | |
| വരവ് | 188353200 | 71913405 | | 116439795 | |
| ആകെ | 194553200 | 77478837 | | 117074363 | |
| ചെലവ് | 191723200 | 64016781 | | 127706419 | |
| നീക്കിയിരിപ്പ് | 2830000 | 13462056 | 10632056 | | |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതിയേതര വരുമാനം കണ്ടെത്തുന്നതിനുള്ള നിർദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നൽകിയിട്ടില്ല. ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വേർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ ശരിയായ ബജറ്ററി കൺട്രോൾ ഉറപ്പ് വരുത്താൻ കഴിയുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ എടുത്തത് / നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18092659 | 18092659 | 14792784 | 3299875 | 81 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7918556 | 7918556 | 6111914 | 1806642 | 77.18 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 70000 | 70000 | 30000 | 40000 | 42 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7941603 | 7941603 | 3184404 | 4757199 | 40 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5709000 | 5709000 | 2310621 | 3398379 | 40 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9492191 | 9492191 | 2289456 | 7202735 | 24 |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 489894 | 234275 | 2834169 | 2637546 | 196623 | ----- |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 250000 | 3052249 | 3302249 | 2239897 | 1062352 | ----- |
| ശുചിത്വമിഷൻ | 34524 | 184524 | 219048 | 44524 | 174524 | ---- |
| റ്റി.എസ്.സി | 353674 | -- | 353674 | ----- | 353674 | --- |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 43022160 | 43022160 | 43022160 | 0 | 100 |

തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1283 | 750273 | 751556 | 747798 | 3758 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 41055841 | 41055841 | 41055841 | |
| ആകെ | 1283 | 41806114 | 41807397 | 41803639 | 3758 |

**ക്ഷേമപദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 423960 | 210 |
| കർഷകതൊഴിലാളി പെൻഷൻ | 14779600 | 1290 |
| വിധവാപെൻഷൻ | 6221600 | 549 |
| വാർദ്ധക്യകാലപെൻഷൻ | 16315200 | 1639 |
| വികലാംഗപെൻഷൻ | 3601300 | 301 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 565600 | 44 |
| വിവാഹധനസഹായം | 240000 | |

## 1-3 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 13 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ 08.02.2018 ന് ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 25.02.2018 മുതൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 06.12.2018 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു.

| | |
|---|---|
| ഊരുകൂട്ടം | 22.07.18 |
| വികലാംഗ ഗ്രാമസഭ | 21.02.18 |
| വയോജന ഗ്രാമസഭ | 10.08.18 |

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.02.19ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു. അംഗീകാര നം./തീയതി 490/18-/DPC/DPO/KTM തീയതി 01.03.2019

ആകെ 89 പ്രോജക്ടുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 51 പ്രോജക്ടുകൾ ഉപേക്ഷിച്ചു. പദ്ധതി അടങ്കലിന്റെ 50 ശതമാനമായിരുന്ന ചെലവ് (ആറ് പ്രോജക്ടുകൾ റിവിഷൻ സമയത്ത് ഒഴിവാക്കിയിട്ടുണ്ട്. 1.41 കോടി രൂപയുടെ പ്രോജക്ടുകൾ ക്യൂ-ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). ഓഡിറ്റ് വർഷം പഞ്ചായത്തിലെ എല്ലാ വാർഡുകളും വെള്ളപ്പൊക്കബാധിതമായിരുന്ന അവസ്ഥ പദ്ധതിനിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

അംഗീകാരം ലഭിച്ച 140 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 12 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

**നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവു വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 4426100 | 2750103 | 62 |
| വെറ്ററിനറി സർജൻ | 6 | 6 | 3400000 | 1650000 | 100 |
| MO(PHC) | 3 | 1 | 725000 | 420160 | 60 |
| MO(ayurveda) | 1 | 1 | 350000 | 350000 | 100 |
| MO(homeo) | 1 | 1 | 100000 | 100000 | 100 |
| VEO | 21 | 17 | 54283815 | 28099805 | 52 |
| ICDS | 8 | 5 | 3580522 | 2527686 | 71 |
| Secretary | 18 | 13 | 5959806 | 4333416 | 73 |

| | | | | | |
|---|---|---|---|---|---|
| AE,LSGD | 69 | 33 | 23918054 | 7226820 | 30 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | 2 | 2 | 475000 | 422476 | 90 |
| ഹെഡ്മാസ്റ്റർ | 5 | 4 | 1561256 | 1287600 | 82 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 104000 | 89748 | 86 |
| **ആകെ** | **140** | **89** | **98883553** | **49257814** | **49** |

**വിവിധ ഫണ്ടുകളുടെ വിനിയോഗലക്ഷ്യം കൈവരിച്ചില്ല – 20504830/- രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു**

ഓഡിറ്റ് വർഷം വിവിധ ഫണ്ടിനങ്ങളുടെ വിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ വർഷാവസാനം 20504830/- രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ ടി തുക ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. പദ്ധതി നിർവ്വഹണ പ്രക്രിയ കാര്യക്ഷമമാക്കി ഇത്തരം അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

**പ്രോജക്ടുകൾ നടപ്പാക്കാത്തത് സംബന്ധിച്ച്**

ഓഡിറ്റ വർഷം ആകെ 69 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 27എണ്ണം മാത്രമാണ് അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയത്. 2 സ്പിൽഓവർ പ്രോജക്ടുകളും 40 പുതിയ പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയില്ല. അസി എൻജിനിയർ ചെലവഴിക്കാത്ത സർക്കാർ ഗ്രാന്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1342322 |
| വികസനഫണ്ട് എസ്.സി.പി | 257350 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4465803 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 4757199 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 3327535 |

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവഹണ ചുമതല ഉണ്ടായിരുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് ഫണ്ട് വിനിയോഗലക്ഷ്യം കൈവരിക്കുന്നതിൽ ഏറ്റവും തടസ്സമായി ഭവിച്ചത്.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന 2 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.2017-ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾ അവ സ്പിൽഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, കരാറുകാരുടെ വിവരം, കരാർ വിശദാംശങ്ങൾ,

നടപ്പിലാക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-4 ക്യാഷ് വെരിഫിക്കേഷൻ

**തലയാഴം** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന11.12.2019 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **4356/-** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (ISO certification) 95%വും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

**ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു**

1. സ്ഥാപനത്തിന്റെ വരുമാനവും നിയന്ത്രണ സംവിധാനവും വിലയിരുത്തേണ്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസാന്ത്യ വരവുചെലവ് കണക്ക് പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ ഇടപെടലോ വിലയിരുത്തലോ നടത്തുന്നില്ല. വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നും എല്ലാ വരവ് സ്രോതസ്സുകളും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.
2. പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ച വരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നതിനാൽ മിക്ക പ്രോജക്ടുകളും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.
3. ഫർണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ചേർത്ത് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഭൗതിക പരിശോധന നടത്തുന്നില്ല.
4. ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ

ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജനുവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്.

5. 24.9.10 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലുള്ള എല്ലാ ഉപകരണങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അനുബന്ധ ഉപകരണങ്ങളുടെയും, സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ എല്ലാ ഉപകരണങ്ങൾക്കും പ്രത്യേകം സ്റ്റോക്ക് നമ്പർ നൽകേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ എണ്ണം, കൺസ്യൂമർ നമ്പർ, താരീഫ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയും പരിശോധനക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.
6. സേവനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് കാണുന്നു.

മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

**ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിയ്ക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2019 | 02/19 | --------- |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.10.2017 | 2012/13-2016-17 | LBA(HQ)II/I/8B,1302 /17-18/266 dt.27.11.17 |

## 1-7 വാർഷികകണക്കുകളുടെ വിശകലനവും പരിശോധനയും

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് (എംഎസ്)152/11/തസ്വഭവ തീയതി 26.02.2011 പ്രകാരം മുൻവർഷങ്ങളിലെ ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. 2018-19 വർഷം തനത്ഫണ്ട് അക്കൗണ്ടിൽ (എസ്.സി.ബി) നിന്നും നൽകിയ കാലഹരണപ്പെട്ട ചെക്കുകൾ 'Liability in respect of stale cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
3. ഇടപാടുകളില്ലാത്ത VPF A-111-6 എന്ന അക്കൗണ്ടിൽ 2,22,132/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല.
4. വസ്തുനികുതിയിനത്തിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള ഡി.സി.ബി. തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-8 ദൈനംദിന പണം പിരിവ്/ഒടുക്ക് - രേഖകളുടെ സൂക്ഷിപ്പിലെ ന്യൂനതകൾ

2018-19 സാമ്പത്തിക വർഷത്തിലെ രസീതുപരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. രസീതുകൾ ക്യാൻസൽ ചെയ്തത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. രസീതിന്റെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. രസീതുബുക്കിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

4. സാംഖ്യാ ക്യാൻസൽഡ് രസീതുകളിൽ പലതും പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ ക്യൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

5.സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ അക്കൗണ്ട് പുസ്തകങ്ങൾ ഡബിൾ എൻട്രി അടിസ്ഥാനത്തിൽ അക്രുവൽ സമ്പ്രദായത്തിൽ സൂക്ഷിക്കേണ്ടതാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ (ജി.ഒ.(എം.എസ്) 83/2011/തസ്വഭവ/28.3.11) ചട്ടം 3അനുസരിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം ദിനം പ്രതിയുള്ള വരവു ചെലവുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് രസീത് നമ്പർ ഉൾപ്പെടെ ചേർത്ത് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/18.12.2019) പരാമർശിക്കപ്പെട്ട എല്ലാ രസീതുകളും ക്യാൻസൽ ചെയ്ത് ഹാജരാക്കിയിട്ടുണ്ട്. കൂടാതെ സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ അനുദിനം വരവ് ചെലവുകളുടെ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുമുണ്ട്.

സാംഖ്യ സമ്പ്രദായം അനുവർത്തിക്കുന്നതിൽ വന്ന പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള കെട്ടിടങ്ങൾ, ഹാളുകൾ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള കെട്ടിടങ്ങൾ എന്നിവ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി (മതപാഠശാല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നീ ഗണങ്ങളിൽ ഉൾപ്പെടുത്തി) വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ നിന്നും വ്യക്തമായി. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 ൽ, 2013-ൽ വരുത്തിയ ഭേദഗതി പ്രകാരം (1) പൊതു ആരാധനാലയങ്ങൾ, മതപാഠശാലകൾ, (2) എയ്ഡഡ് കോളേജുകൾ, സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾ, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾ, രോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ആശുപത്രികൾ, അനാഥാലയങ്ങൾ, കളിസ്ഥലങ്ങൾ, വായനശാല തുടങ്ങിയ ഉപയോഗക്രമങ്ങൾക്കനുസരിച്ചുള്ള കെട്ടിടങ്ങളെയാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള മേൽ ഗണത്തിൽ വരാത്ത കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-17/20/12/19) മറുപടി ലഭ്യമായില്ല. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ്,കെട്ടിട നമ്പർ | ഉപയോഗക്രമം | സഞ്ചയസോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമം |
|---|---|---|---|
| 1 | 5/375 | എൻ.എസ്.എസ്. കരയോഗം സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നു | മതപാഠശാല |
| 2 | 14/200 | കയർ വ്യവസായ സഹകരണ സംഘം. (CVCS-142) ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ | വിദ്യാഭ്യാസാവശ്യം |

| | | | |
|---|---|---|---|
| | | പ്രവ്രത്തിക്കുന്നുണ്ടായിരുന്നു. | |
| 3 | 2/84 | ദേവസ്വം ഓഫീസ് | ആരാധനാലയം |
| 4 | 10/124 | ദേവസ്വം ഓഫീസ് | ആരാധനാലയം |
| 5 | 13/353 | എസ്.എൻ.ഡി.പി ഹാൾ | ആരാധനാലയം |
| 6 | 1/274,275,276,277,278 | വിദ്യാഭ്യാസാവശ്യം | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 7 | 1/279 | ഡിപോൾ കോളേജ് | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 8 | 15/166 | കോൺവെന്റ് | സൗജന്യമായി ചികിത്സ നൽകുന്ന സ്ഥലം |
| 9 | 9/7 | എസ്.എൻ.ഡി.പി ഹാൾ | ആർട്ട്സ് & സ്പോർട്സ് ക്ലബ് |
| 10 | 8/58 A | എസ്.എൻ.ഡി.പി ഹാൾ | ആർട്ട്സ് & സ്പോർട്സ് ക്ലബ് |
| 11 | 14/185 | ദേവസ്വം ഹാൾ | ആരാധനാലയം |

പ്രസ്തുത വകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ള ഒഴിവ് ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾ, ഭൂമികൾക്കും, സ്കൂളുകളോടും കോളേജുകളോടും ചേർന്നതും ഹോസ്റ്റലുകൾ അല്ലാത്തതുമായ വാസഗൃഹങ്ങൾ, ഗ്രന്ഥശാലയോടു ചേർന്ന വാസഗൃഹങ്ങൾ എന്നിവയ്ക്ക് നൽകാവുന്നതല്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ട ഈ കെട്ടിടങ്ങളെ സംബന്ധിച്ച് വാർഡ് തലത്തിൽ അന്വേഷണം നടത്തി അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-10 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

2018-19 സാമ്പത്തികവർഷത്തിൽ തൊഴിൽ നികുതി പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

I ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | ക്ഷീരോല്പാദകസഹകരണസംഘം, തലയാഴം | ഒന്നും രണ്ടും അർദ്ധവർഷം |
| 2. | ക്ഷീരോല്പാദകസഹകരണസംഘം, ഉല്ലല | ഒന്നും രണ്ടും അർദ്ധവർഷം |
| 3. | ക്ഷീരോല്പാദകസഹകരണസംഘം, തോട്ടകം | ഒന്നും രണ്ടും അർദ്ധവർഷം |

II.സ്ഥാപനതൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | മാവേലി സ്റ്റോർ, ഉല്ലല | രണ്ടാം അർദ്ധവർഷം |
| 2 | ക്ഷീരോല്പാദകസഹകരണസംഘം, തലയാഴം | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ക്ഷീരോല്പാദകസഹകരണസംഘം, ഉല്ലല | ഒന്നും രണ്ടും അർദ്ധവർഷം |
| 4. | ക്ഷീരോല്പാദകസഹകരണസംഘം, തോട്ടകം | ഒന്നും രണ്ടും അർദ്ധവർഷം |
| 5. | സരസ്വതി ബാങ്കേഴ്സ്, തലയാഴം | ഒന്നും രണ്ടും അർദ്ധവർഷം |
| 6. | മറ്റപ്പള്ളി ഫൈനാൻസ്, തലയാഴം | ഒന്നും രണ്ടും അർദ്ധവർഷം |
| 7. | എെശ്വര്യ ബാങ്കേഴ്സ്, തലയാഴം | ഒന്നും രണ്ടും അർദ്ധവർഷം |

III. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18) തുക ഈടാക്കിയ ശേഷം അറിയിക്കാമെന്ന് മറുപടി ലഭ്യമായി. സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 ലൈസൻസ് - ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996-ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച്

പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

തലയാഴം ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ ലൈസൻസ് അനുവദിച്ചത് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
2. അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

   ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14) പുതിയ ചട്ടത്തിലെ പട്ടിക 2 ൽ പറയുന്ന മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ എന്റർപ്രൈസസ്, മിനി എന്റർപ്രൈസസ്, സ്മാൾ എന്റർപ്രൈസസ്, മീഡിയം എന്റർപ്രൈസസ്, ലാർജ്ജ് എന്റർപ്രൈസസ് എന്നിവയുടെ അടിസ്ഥാനത്തിൽ തന്നെയാണ് നിലവിൽ ഫീസ് വാങ്ങുന്നതെന്നും ഭേദഗതി ഉത്തരവ് പ്രകാരം കമ്മറ്റിയുടെ അംഗീകാരം വാങ്ങിക്കൊള്ളാമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡി & ഒ ലൈസൻസ് സംബന്ധിച്ച് 31.10.2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 റേഷൻ കടകൾ, മാവേലി സ്റ്റോർ, ക്ഷീരസംഘങ്ങൾ, കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതു സംബന്ധിച്ച്

2018-19 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ പഞ്ചായത്തിലുള്ള റേഷൻ കടകൾ, മാവേലി സ്റ്റോർ, ക്ഷീരസംഘങ്ങൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിച്ചുവരുന്നതായി കാണുന്നു. റേഷൻ റീട്ടെയിൽ ഷോപ്പുകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഈടാക്കേണ്ട ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13)തുക ഈടാക്കിയശേഷം

അറിയിക്കാമെന്ന് മറുപടി ലഭ്യമായി. നികുതിയുടെ പരിധിയിൽ ഉൽപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് നൽകൽ - വിശദാംശങ്ങൾ ലഭ്യമാകുന്നതു സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷം 238 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യ കെട്ടിടങ്ങൾ എന്ന നിലയിൽ 736 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും ലൈസൻസ് നേടാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വഷണക്കുറിപ്പിന് (നം.19) മറുപടിയായി സഞ്ചയ രേഖകൾ പ്രകാരം 736 കെട്ടിടങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനം ഇല്ലാത്ത കടമുറികളും പൊളിച്ച പോയ കെട്ടിടങ്ങളും, റേഷൻ കടകൾ, കള്ളുഷാപ്പുകൾ, മാവേലി സ്റ്റോർ തുടങ്ങിയവയും ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചു. റേഷൻ കടകൾ, കള്ളുഷാപ്പുകൾ, മാവേലി സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് എടുക്കുവാൻ അറിയിപ്പ് നൽകിയിട്ടുള്ളതും ടി സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകി വിവരം അറിയിക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം (3) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | സെന്റ് സേവ്യേഴ്സ് ഹോസ്പിറ്റൽ, കൊതവറ |
| 2 | ആരാധന ഹോസ്പിറ്റൽ, തലയാഴം |
| 3. | ബദേസ്ഥാ ദന്തൽ ക്ലിനിക്ക്, മാടപ്പള്ളി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20) മറുപടിയായി 2018-19 ൽ പുതുക്കുന്നതിനായി ടി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പലചരക്കുകട, ബേക്കറി, സ്റ്റുഡിയോ, പച്ചക്കറി കട മുതലായവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി അപേക്ഷ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമ | സ്ഥാപനങ്ങൾ |
|---|---|---|
| 1 | ശൗരി മാത്യൂ | സ്റ്റേഷനറി |
| 2 | വിഷ്ണുകുമാർ.കെ.ആർ | ദേവ്ന ഗാർമെന്റ്സ് |
| 3 | എ.ജെ.ജോൺ | ഏദൻ ഇന്റീരിയേഴ്സ് |
| 4 | സെക്രട്ടറി, സർവ്വീസ് സഹകരണവാങ്ക്, തോട്ടകം | നീതി സ്റ്റോർ |
| 5 | റ്റി.സി.ഷിമ്മി | തോപ്പിൽ ബേക്കറി |
| 6 | വേണു.എസ്സ്. | പലചരക്കുകട |
| 7 | അമൽ.എ. | പലചരക്കുകട |
| 8 | വിജയൻ കെ.ആർ | പലചരക്കുകട |
| 9 | എ.ആർ.സലിംകുമാർ | ഫ്ലാഷ് & പ്രൊഫഷണൽ വെഡ്ഡിംഗ് സ്റ്റുഡിയോ |
| 10 | ബിനോയ് ജോസഫ് | പ്രസ്സ് |
| 11 | സാബു.എം.പി. | പച്ചക്കറി, ചിപ്പ്സ് ബേക്കറി |
| 12. | എം.പി.സുരേന്ദ്രൻ | പലചരക്കുകട |
| 13 | രാജേശ്വരി,കെ.ആർ. | ഡിറ്റിപി, ഓൺലൈൻ, ഫോട്ടോസ്റ്റാറ്റ് |
| 14 | അരുൺകുമാർ.കെ.എം | സ്റ്റേഷണറി |
| 15 | പി.എസ്.പ്രദീപ്. | പെയിന്റ് |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 21/20.12.2019) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 വാടക കുടിശിക ഈടാക്കിയിട്ടില്ല

ഉല്ലല മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നമ്പർ മുറി 2018-19 വർഷം 03/18ലെ വാടക കരാർ പ്രകാരം പ്രതിമാസം 1371/-രൂപ നിരക്കിൽ വാടകക്ക് എടുത്തിട്ടുള്ള അഞ്ജന വെമ്മനേഴത്ത് എന്നയാൾ ആറുമാസത്തെ വാടക കുടിശിക (01.10.2018-31.03.2019) 8226/-രൂപ തൻവർഷം അടവാക്കിയിരുന്നില്ല. ഇതിൽ രണ്ടുമാസത്തെ വാടക കുടിശിക 2742/-രൂപ (രസീത് നം-119020100027/5.4.19) (ഒക്ടോബർ, നവംബർ) 2019 ഏപ്രിൽ മാസത്തിൽ അടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന നാലുമാസത്തെ വാടക കുടിശിക തുക (ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്) നാളിതുവരെ അടവാക്കിയതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-3/12/12/19) മറുപടി ലഭിച്ചില്ല. അതിനാൽ ഈ ആളിൽ നിന്നും കുടിശിക തുക പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ലേലം - ഹോർഡിംഗുകൾ ലേലം ചെയ്തത് സംബന്ധിച്ച്

ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം പൊതുനിരത്തിൽ അനധികൃതവും അപകടകരവുമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ/ഹോർഡിംഗുകൾ നീക്കംചെയ്യാൻ വൗച്ചർ നമ്പർ 21800883/16.1.19 പ്രകാരം 6750 രൂപ ചെലവഴിച്ചു. ടി ബോർഡുകൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ഫയൽസഹിതം വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (6/17.12.2019) നൽകിയിരുന്നു. 37996/- രൂപ അടവാക്കിയതായി രസീത് ഓഡിറ്റിൽ ഹാജരാക്കി. ടി തുക പഴയ പഞ്ചായത്ത് ഓഫീസ് പൊളിച്ച് മാറ്റിയപ്പോൾ അവശേഷിച്ച സാധനങ്ങളുൾപ്പെടെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് മുതൽക്കൂട്ടിയതാണെന്നാണ് ലഭ്യമായ മറുപടി. എന്നാൽ ഇത് സംബന്ധിച്ച ലേലഫയൽ, അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം, ലേല ഡയറി എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി ബോർഡുകൾ/ഹോർഡിംഗുകൾ എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടിയതിന്റെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 1-18 ലേലം- തേക്ക് മരം ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ വൃദ്ധസദനത്തിന്റെ കോമ്പൗണ്ടിൽ ചുവട് ഇളകി നിന്ന തേക്ക് മരം മുറിക്കാൻ വൗച്ചർ നമ്പർ 21800296/28.7.18 പ്രകാരം 3000 രൂപ ചെലവഴിച്ചു. തേക്ക് മരം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/17.12.2019) നൽകുകയുണ്ടായി. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്ന് നാളിതുവരെ വാല്യുവേഷൻ ലഭ്യമാകാത്തതിനാൽ തേക്ക് മരം ലേലം ചെയ്യാൻ സാധിച്ചില്ലെന്നാണ് ലഭ്യമായ മറുപടി. നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി തേക്ക് മരം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഇ-ടെൻഡർ- ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുക ഈ പഞ്ചായത്തിന്റെ തനത് വരുമാനം ആണ്. 2018-19 വർഷം വാകത്താനം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന്

തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | അടങ്കൽ തുക | ലഭിക്കേണ്ട തുക (cost of tender form + GST) |
|---|---|---|---|
| 61/19 വാക്കേത്തറ വാഴക്കാട് കമ്മ്യൂണിറ്റി ഹാൾ റോഡ് ടാറിംഗ് | 2 | 500000 | 3584 |
| 47/19 മംഗലം കുറിച്ചിക്കുന്നറോഡ് ടാറിംഗ് | 2 | 484843 | 3584 |
| 66/19 വാലയിൽ ഞോടിയാപ്പാലലി റോഡ് മെയിന്റനൻസ് | 2 | 500000 | 2240 |
| 86/19 എം.സി.എഫ് സെന്റർ | 1 | 500000 | 1120 |
| 74/19 മെയിന്റനൻസ് – കൊതവറ ജി.എൽ.പി.എസ് | 5 | 1200000 | 9410 |
| 143/19 മാടപ്പള്ളി -തൃപ്പക്കടം റോഡ് ടാറിംഗ് | 3 | 538633 | 3360 |
| 50/19 വളഞ്ഞമ്പലം-മടത്തിപ്പറമ്പ് റോഡ് ടാറിംഗ് | 2 | 600000 | 2240 |
| 89/19 അമ്പാനപ്പള്ളി-കാട്ടുതറ റോഡ് ടാറിംഗ് | 2 | 600000 | 2240 |

| | | | |
|---|---|---|---|
| ആകെ | | | 27778 |

ഇ-ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ചെലവഴിക്കാനവശേഷിക്കുന്നത്

31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ 3 മുതൽ 5 വരെ വർഷങ്ങളിലധികമായി ബാധ്യതയായി അവശേഷിക്കുന്നു. പല ഗ്രാന്റുകളും എന്താവശ്യത്തിനാണ് ലഭിച്ചത് എന്നത് സംബന്ധിച്ച വിശദാംശം പഞ്ചായത്തിലെ രജിസ്റ്ററിലോ രേഖകളിലോ ലഭ്യമല്ല. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1. | അങ്കണവാടി പോഷകാഹാരം | 196623 |
| 2 | ശുചിത്വമിഷൻ ഫണ്ട് | 528198 |
| 3 | പ്രത്യേകാവശ്യ ഗ്രാന്റ് | 568253 |
| 4 | സംയുക്ത പ്രോജക്ട് (ബ്ലോക്ക് വിഹിതം) | 1162352 |
| | ആകെ | 2455426 |

മേൽ വിവരിച്ച ഗ്രാന്റുകളുടെ ആകെത്തുക 2455426/-ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന 2455426 -ലക്ഷം രൂപയുടെ ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്.

## 1-21 ഭൂമി വാങ്ങൽ-തുടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

മുൻ സാമ്പത്തിക വർഷങ്ങളിൽ (2000-2001 മുതൽ) ഗ്രാമപഞ്ചായത്തിലെ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭൂമി ലഭിച്ചതിന്റെ തുടർ നടപടിക്രമങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആധാരം നമ്പർ | പ്രോജക്ട്നം / പ്രോജക്ടിന്റെ പേര്/ഇഷ്ടദാനമായി ലഭിച്ചത്. | ചെലവ് തുക/ ഫണ്ടിനം | വാർഡ് നം. | ഭൂമി പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ പേരിലാക്കിയതിന്റെയും ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും വിശദാംശങ്ങൾ | പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | (യൂണിക് നമ്പർ ഉൾപ്പെടെ) | |
| 2000 | 390/2 | ഇഷ്ടദാനം | ഇല്ല | V | ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട് |
| 2002 | 228/02 | " | " | II | " | ഗ്രാമശ്രീ ബ്രിക്ക് നിർമ്മാണ യൂണിറ്റ് (എസ് സി) നിർമ്മിച്ചിട്ടുണ്ട് |
| 2004 | 408/04 | " | " | IV | " | സാംസ്കാരിക നിലയം, വൃദ്ധസദനം എന്നിവ നിർമ്മിച്ചിട്ടുണ്ട് |
| 2004 | 59/04 | " | " | IV | " | വിത്ത് സംഭരണകേന്ദ്രം നിർമ്മിച്ചിട്ടുണ്ട് |
| 2005 | 477/05 | " | " | XV | " | അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട് |
| 2005 | 567/05 | " | " | X | " | എസ്.കെ പൊറ്റക്കാട് മെമ്മോറിയൽ ഗ്രന്ഥശാല നിർമ്മിച്ചിട്ടുണ്ട് |
| 2006 | 343/06 | " | " | III | " | വാഴക്കാട് ഭഗത് സിംഗ് |
| 2010 | 294/10 | " | " | III | " | അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട് |
| 2010 | 875/10 | " | " | V | " | അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| 2017 | 147/17 | " | " | VII | " | 116-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട് |
| 2019 | 525/19 | " | " | IX | " | അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട് |

മേൽ സൂചിത ഭൂമിയുടെ ആധാരങ്ങൾ പോക്ക് വരവ് ചെയ്തിട്ടുണ്ടെങ്കിലും പൂർണ്ണമായും കരമടച്ച് പഞ്ചായത്തിന്റെ പേരിലാക്കിയിട്ടില്ല. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ അന്യാധീനപ്പെട്ടു പോകാതിരിയ്ക്കുന്നതിന് യൂണിക് നമ്പർ ഉൾപ്പെടുത്തി ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 1-22 ഓഫീസ് കറന്റ് ചാർജ് സ്വകാര്യവ്യക്തിയുടെ പേരിൽ അടവാക്കുന്നു

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കറന്റ് ചാർജ് അടവാക്കുന്നത് ശ്രീ വി.കെ ശ്രീധരൻ എന്നയാളുടെ പേരിലാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കറന്റ് ചാർജ് അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 6/7.12.2019) നൽകുകയുണ്ടായി. അപാകതകൾ പരിഹരിച്ച് കൺസ്യൂമർ നമ്പർ സെക്രട്ടറിയുടെ പേരിലാക്കി വിവരം അറിയിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 1-23 ഹരിത ഭവനം പദ്ധതി -സബ്സിഡി നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0114/19 |
| പ്രോജക്ടിന്റെ പേര് | ഹരിത ഭവനം |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 739000-(വികസന ഫണ്ട്) |
| ചെലവ് | 120000/-<br>180904520009007104 96/<br>25.10.18 |

പഞ്ചായത്തിലെ നാമമാത്ര ചെറുകിട കർഷകർക്കും, സമഗ്ര പുരയിട കൃഷി തുടങ്ങിയ സംരഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും കിണർ റീചാർജ്, മാലിന്യ സംസ്കരണ യൂണിറ്റ്, നടീൽ വസ്തുക്കൾ എന്നിവ ഉൾപ്പെടുന്ന യൂണിറ്റ് പ്രാവർത്തികമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തു. 6 ഗുണഭോക്താക്കൾക്ക് 20000/- രൂപ നിരക്കിൽ 120000/- രൂപയാണ് ആകെ നൽകിയിട്ടുള്ളത്.

1. കമ്പോസ്റ്റ് യൂണിറ്റ്, കിണർ റീചാർജ്ജിംഗ് എന്നിവയുടെ പരമാവധി സബ്സിഡി നിരക്ക് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്തൃവിഹിതം ഈടാക്കുന്നതു സംബന്ധിച്ച് വിശദാംശങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. സബ്സിഡി ആനുകൂല്യം ലഭിച്ച 6 ഗുണഭോക്താക്കളും പദ്ധതിയുടെ ഭാഗമായ കിണർ റീചാർജ്, മാലിന്യ സംസ്കരണ യൂണിറ്റ്, പച്ചക്കറി കൃഷി എന്നിവ പൂർണ്ണമായും നിർവ്വഹിച്ചതായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
4. പദ്ധതി ആനുകൂല്യത്തിന് ലഭിച്ച അപേക്ഷകളിൽ, മുൻഗണനാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള മാർക്ക് നൽകി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.
5. ഉദ്യോഗസ്ഥനോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയോ പ്രോജക്ടുമായി ബന്ധപ്പെട്ട വാങ്ങൽ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. അടുത്ത 4 വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങുകയോ ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുകയോ ചെയ്തിട്ടില്ല.

മേൽ സൂചിത വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ 10/18.12.2019-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 120000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഡെപ്പോസിറ്റ് വർക്ക് - സെന്റേജ് ചാർജ് അധികമായി നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 107/19, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 638831 |
| ചെലവ് | 457309 (വികസനഫണ്ട് ജനറൽ)<br>180991 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ,തീയതി | 32, 33/18-19, 18.12.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന മേൽ പ്രോജക്ടിനായി ഡി.ബി4-48/17-18 തീയതി 4.5.18 പ്രകാരം വാട്ടർ അതോറിറ്റി ചുവടെ ചേർക്കും പ്രകാരം തുക ഡിമാന്റ് ചെയ്തു.

| | |
|---|---|
| വർക്കിംഗ് ചാർജ് | 405302.36 |
| മെറ്റീരിയൽ കോസ്റ്റ് | 160605.80 |
| റീസ്റ്റോറേഷൻ ചാർജ് | 1425.60 |
| ആകെ | 567333.76 |
| 12.5 % സെന്റേജ് | 70916.72 |
| ആകെ | 638250.48 |
| റൗണ്ടിംഗ് തുക | 538300 |

കേരളവാട്ടർ അതോറിറ്റി മുഖേനയുള്ള ഡെപ്പോസിറ്റ് വർക്കിന് 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റ്/പ്ലാൻ തയ്യാറാക്കൽ ചാർജ്ജും വാങ്ങുന്നുണ്ട്. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 13.12.17 ലെ യോഗത്തിന്റെ 4.76 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2.5% ചാർജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാനാവില്ല (PWD മാന്വൽ1601.4 ബാധകമായതിനാൽ). അതിനാൽ 567333.76 രൂപയാണ് നൽകാനാവുന്നത്. 14183 രൂപ അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7) നൽകി. തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ഘടക സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ- വിതരണ വിവരമില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 102/19, ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ |
| അടങ്കൽ | 245650 (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് | 245650 |
| ബിൽ നമ്പർ,തീയതി | 31/18-19 തീയതി 13.12.2018 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിനായി കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം എന്ന സ്ഥാപനത്തിൽ നിന്ന് 245650 രൂപയ്ക്ക് ഫർണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസ്, ഗവ.എൽ.പി.എസ് തോട്ടകം, കൃഷി ഓഫീസ് തലയാഴം, ഗവ.എൽ.പി.എസ് കൊതവറ, ഗവ.ഹോമിയോ ആശുപത്രി, ഗവ.എൽ.പി.എസ് ഉല്ലല എന്നീ സ്ഥാപനങ്ങൾ വിവിധ ഫർണീച്ചറുകൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന ഫർണീച്ചറുകൾ നാളിതുവരെ വിതരണം ചെയ്തതായി കാണുന്നില്ല.

| ഫർണീച്ചർ | വാങ്ങിയ എണ്ണം | വിതരണം ചെയ്തത് | ബാക്കി, ചെലവ് തുക |
|---|---|---|---|
| സ്റ്റീൽ ക്യാബിനറ്റ് | 6 | 4 | 2X11880 = 23760 |
| സ്റ്റീൽ ടേബിൾ | 6 | 5 | 1x7900=7900 |
| സ്റ്റീൽ ടേബിൾ ഗ്ലാസ് ടോപ്പ് | 7 | 6 | 1x3890=3890 |
| സ്റ്റീൽ എക്സി.ചെയർ | 2 | 1 | 1x8320=8320 |
| പ്ലാസ്റ്റിക് ചെയർ | 50 | 0 | 20x499=24950 |
| | | **ആകെ** | **68820** |

മേൽ ഫർണീച്ചറുകളുടെ വിതരണ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7/17.12.2019) നൽകുകയുണ്ടായി. വിതരണ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാമെന്നാണ് ലഭിച്ച മറുപടി. രേഖകൾ ലഭ്യമാക്കുന്നതുവരെ 68820/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ-ശൃംഖലയുമായി ബന്ധിപ്പിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 77/19, സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | 522500 (വികസനഫണ്ട്) |

| | |
|---|---|
| ചെലവ് | 522500 |
| ബിൽ നമ്പർ, തീയതി | 18-19 ൽ ക്യൂ ബിൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

5KW ON GRID സോളാർ പാനൽ കെ.എസ്.ഇ.ബി യുടെ വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുകയും അതുവഴി ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കുകയുമായിരുന്ന പ്രോജക്ടിന്റെ ലക്ഷ്യം. ടെണ്ടർ ക്ഷണിക്കാതെ അനർട്ട് നേരിട്ട് നിർവ്വഹിക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. അനെർട്ടിന്റെ എസ്റ്റിമേറ്റിൽ (നം28/deposit work/ANERT(KT)18-19, 26.3.19) 522500 രൂപയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. തൻവർഷം ക്യൂ ബില്ലാകുകയും 30.4.19 ൽ അനർട്ടിന്റെ അക്കൗണ്ടിലേക്ക് (നമ്പർ 67141690552) തുക നൽകുകയും ചെയ്തു. അനർട്ടുമായി 30.5.19 ൽ കരാറിലേർപ്പെട്ടു. ആയത് പ്രകാരം പൂർത്തീകരണ കാലയളവ് 10 മാസമാണ്. കരാറിലേർപ്പെട്ട് 7 മാസമായിട്ടും സോളാർ പാനൽ സ്ഥാപിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അനെർട്ടിന്റെ 22.8.19 ലെ 28/deposit work/ANERT(KT)18-19 നമ്പർ കത്ത് പ്രകാരം M/S AdTech systems Ltd, Trivandrum എന്ന സ്ഥാപനത്തിന് 298615 രൂപയ്ക്ക് സപ്ലൈ ഓർഡർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ ചെയ്ത് കഴിഞ്ഞും ടി കമ്പനിക്കാണ് വാറന്റി കാലയളവിൽ സോളാർ പാനലിന്റെ പരിപാലന ചുമതലയെന്നും അനർട്ടും ടി സ്ഥാപനവുമായുള്ള കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 223885 രൂപ അധികമായി അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തതിന്റെയും നാളിതുവരെ സോളാർ പാനൽ ഇൻസ്റ്റാൾ ചെയ്യാൻ പ്രാരംഭനടപടികളാകാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7/17.12.2019) നൽകി. അനർട്ടിന് അടിന്തിരമായി കത്ത് നൽകി അപാകതകൾ പരിഹരിക്കാമെന്നാണ് ലഭ്യമാക്കിയ മറുപടി. അപാകതകൾ പരിഹരിച്ച് സോളാർ പാനൽ പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അധികമായി നൽകിയ തുക അനർട്ടിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-27 കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം - പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 102/19, കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം |
| അടങ്കൽ | 150000 (വികസന ഫണ്ട്) |
| ചെലവ് | 117038 |
| ബിൽ നമ്പർ,തീയതി | 44/18-19, 16.3.19 |
| കരാറുകാരൻ | കുര്യാക്കോസ് ദാസ്, കണ്ടകശ്ശേരിൽ |
| കരാർ തീയതി | എ2 4406/18/3, 13.11.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വാക്കേത്തറ കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്ന പ്രോജക്ടിന് ഡി.എൽ.റ്റി.സി.ഇ യാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആകെ വേലമൂല്യം 111633.50 രൂപയായിരുന്നു. ആയതിന്റെ കൂടെ എസ്റ്റിമേറ്റ്, ചെക്ക് മെഷർ തുകകൾ ചേർത്ത് 117038 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ സി.ഡി, ഒ.വൈ.ഇ.സി ചാർജായി 32961.50 രൂപ ഉൾപ്പെടുത്തിയിരുന്നു. ആയത് കെ.എസ്.ഇ.ബി യിൽ അടവാക്കി കറന്റ് കണക്ഷൻ

എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7/17.12.2019) നൽകുകയുണ്ടായി. ടി തുക അടച്ചിട്ടില്ലെന്നും കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാത്തതിനാൽ 117038/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വൈദ്യുതീകരണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

2018-19 വർഷം വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കന്നുകുട്ടിപരിപാലനം-കാലിത്തീറ്റ വിതരണം സമയബന്ധിതമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 42/19 കന്നുകുട്ടിപരിപാലനം |
| ചെലവ് | 250000 (വികസനഫണ്ട്) |
| ബിൽ നമ്പർ, തീയതി | 1/18-19, 27.11.18 |

മേൽ പ്രോജക്ടിനായി 40 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. 40 കിടാരികളെ എൻറോൾ ചെയ്തതിന്റെ വികസനഫണ്ട് വിഹിതമായ 250000 രൂപ (6250x40) അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം കോട്ടയത്തിന്റെ പേർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. തോട്ടകം ക്ഷീരോൽപ്പാദക സഹകരണ സംഘത്തെയാണ് നിർവ്വഹണോത്തരവാദിത്വം ഏൽപ്പിച്ചത്. വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 5/18, 9/18, 11/18 മാസങ്ങളിൽ കാലിത്തീറ്റ വിതരണം ചെയ്തിട്ടില്ലെന്ന് കണ്ടു. വളർച്ചയുടെ കാലഘട്ടത്തിൽ കന്നുകുട്ടിക്ക് നൽകേണ്ട കാലിത്തീറ്റ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്. പ്രോജക്ടിന്റെ പൂർത്തീകരണ കാലയളവിന് ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2. **വിവിധ പർച്ചേസുകൾ - ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല.**

വിവിധ പ്രോജക്ടുകളിലായി ആട്ടുകളെയും പശുക്കളെയും വാങ്ങിയിട്ടുണ്ടെങ്കിലും അവയെ ഇൻഷ്വർ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പർ, പേര് | ചെലവ്, ഫണ്ടിനം | ആകെ ഗുണഭോക്താക്കൾ | കിടാരികൾ, പശുക്കളുടെ എണ്ണം |
|---|---|---|---|
| 19/19, ആട് വളർത്തൽ, എസ്.സി.പി | 380000 വികസനഫണ്ട് | 38 | 76 |
| 18/19, ആട് വളർത്തൽ, ജനറൽ | 180000 വികസനഫണ്ട് | 30 | 60<br>30 എണ്ണത്തിനെ ഇൻഷ്വർ ചെയ്തു |

| | | | |
|---|---|---|---|
| 17/19, പശു വളർത്തൽ, എസ്.സി.പി | 1420000 വികസനഫണ്ട് | 12 | 12 |
| 16/19, പശു വളർത്തൽ, ജനറൽ | 375000 വികസനഫണ്ട് | 15 | 15 |

ജി.ഒ (എം.എസ്) 22/18 ത.സ്വ.ഭ.വ തീയതി 14.2.18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.15 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് മുദ്രപ്പത്രത്തിൽ കരാറിലേർപ്പെടേണ്ടതുണ്ട്. എന്നാൽ 17/19, പശു വളർത്തൽ എന്ന പ്രോജക്ടിലെ ഗുണഭോക്താക്കളായ ശ്രീമതി തങ്കമ്മ ഗോപി, സുജാത മധു, ബിന്ദു പി.കെ എന്നിവരുമായി നിർദ്ദിഷ്ട കരാറിലേർപ്പെട്ടിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/20.12.2019) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായില്ല.

| പ്രവൃത്തിയുടെ പേര് | അടങ്കൽ, ഫണ്ട് | ചെലവ് തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| പ്രോജക്ട് നമ്പർ144/19, വൈദ്യുത ലൈൻ നീട്ടൽ | 44910 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>1273 (തനത് ഫണ്ട്) | 44910<br>1273 | 21/18-19, 31.10.18<br>21800743/ 7.12.18 | കെ.എസ്.ഇ.ബി |
| പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ് | 8192 (തനത് ഫണ്ട്) | 8192 | 21800080/ 3.5.18 | കെ.എസ്.ഇ.ബി |
| | **ആകെ** | **54375** | | |

മേൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കായി 54375 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 പാലിയേറ്റീവ് കെയർ-മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 09/18-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

| | |
|---|---|
| ചെലവ് | 100000/- |
| ഫണ്ട് | പ്ലാൻ ഫണ്ട് |
| ബിൽ നം. | 03/18-19/28.11.18 |

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ കാരുണ്യ ഫാർമസിയുടെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ (A/c No-3624001800000019)അക്കൗണ്ടിലേക്ക് 100000/-രൂപ 28.11.18 നൽകിയിരുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-22/20/12/19) മറുപടി ലഭിച്ചില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്ന് ലഭ്യമാക്കുന്നതിന് നിരന്തരം ബന്ധപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാവുന്നതിൽ താമസമുണ്ടായിട്ടും ആയത് പരിഹരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ഇടപെടലുകൾ നടത്തിയിട്ടില്ല. ആയതിനാൽ പദ്ധതി പ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പും, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റിയും, ഭരണസമിതിയും കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാത്തതും പ്രസ്തുത വിഷയം തുടർ വർഷങ്ങളിലും ആവർത്തിക്കാനിടയുള്ളതിനാലും ആയത് ഭരണ സമിതി മുഖേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. മതിയായ സ്റ്റോക്ക് ഇല്ലാത്തത് മൂലം രോഗികൾക്ക് ആവശ്യമായ മരുന്ന് വിതരണം ചെയ്യാനാവാത്ത അവസ്ഥ കർശനമായി ഒഴിവാക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്ന മുറക്ക് വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-31 ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ റോഡ് ടാറിംഗ്, റീടാറിംഗ് പ്രവ്യത്തികൾക്കായി ഉപയോഗിച്ച ബിറ്റുമിന്റെ ഉപയോഗശൂന്യമായ ബാരലുകളുടെ വില കരാറുകാരന്റെ ബില്ലിൽ നിന്ന് കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. സർക്കുലർ നം.59827/എഫ്എം/07തസ്വഭവ 30.10.2007 പ്രകാരം ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണൊ ടാർ വാങ്ങി പ്രവ്യത്തി ചെയ്തത് അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധന തീയതി 12.04.06 ഉത്തരവ് പാലിച്ച് തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ ബിറ്റുമിൻ ബാരൽ വില ഇനത്തിലെ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ള ബാരൽ വില സർക്കാർ ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 1-32 ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം -പേര് | 46/19<br>ക്ലീൻ തലയാഴം |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

| | |
|---|---|
| അടങ്കൽ | 1196000(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | 30910/- |
| ബിൽ നം. | 18090452001601144945/31.01.19-11250/-<br>18090452001601244118/22.02.19-10860/-<br>18090452001601463198/22.03.19-3850/-<br>18090452001601463198/23.03.19/4950 |

വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പഞ്ചായത്തിലെ 15വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും യൂണിഫോം, തിരിച്ചറിയൽ കാർഡ്, മറ്റു സ്റ്റേഷനറികൾ എന്നിവയ്ക്കായി ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

ഹരിത കർമ്മസേന ശേഖരിച്ച അജൈവമാലിന്യങ്ങൾ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ള എം.സി.എഫ്-ൽ കുന്നുകൂടിക്കിടക്കുന്നതല്ലാതെ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതാണ്.

കടുത്തുരുത്തി ബ്ലോക്കിലെ എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിനായി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കേണ്ടതാണ്.

## 1-33 വയോജനങ്ങൾക്ക് കട്ടിൽ- വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം - | SO113/19 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| വകയിരുത്തിയ തുക | വികസനഫണ്ട്<br>210000 |
| ചെലവഴിച്ച തുക( ബിൽ നം തീയതി) | 191999/-<br>180904522098100114263/16.05.18<br>-60000/-<br>180904522098100560840/24.09.2018<br>131999/- |

ഓഡിറ്റ വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി സ്പിൽ ഓവറായാണ് വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് നടപ്പിലാക്കിയത്. കുറഞ്ഞ തുകയിലും മികച്ച ഗുണനിലവാരത്തിലും രണ്ടാമതായി അംഗീകരിച്ച ആതിരാ ഏജൻസീസ് എന്ന സ്ഥാപനത്തിനാണ് സപ്ലൈ ഓർഡർ നൽകിയത് (ഒന്നാമതായി അംഗീകരിച്ച സ്ഥാപനം ഒരു കട്ടിലിന് 3800 രൂപ നിരക്കിൽ കരാർ ചമച്ചുവെങ്കിലും നിശ്ചിതകാലയളവിനുള്ളിൽ കട്ടിൽ സപ്ലൈ ചെയ്തില്ല) ഒരു കട്ടിലിന് 4000രൂപ നിരക്കിലായിരുന്ന ആതിരാ ഏജൻസീസുമായി കരാർ ചമച്ചതും ടി നിരക്കിലായിരുന്ന കട്ടിലുകൾ വാങ്ങിയതും.

പ്രോജക്ട നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല.

1. ഗുണഭോക്താക്കളെ തെരഞ്ഞടുത്തതിന്റെ വിശദാംശങ്ങൾ

2. ഗുണഭോക്താക്കളുടെ അപേക്ഷഫോമുകളും അനുബന്ധരേഖകളും

3. കട്ടിൽ കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ (വിതരണരേഖകൾ)

മേൽ സൂചിത അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 23/21.12.19) ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 191999/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 വിവിധ ക്ഷേമപെൻഷനുകൾ-അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം.

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ പരിശോധിച്ചപ്പോൾ അപേക്ഷ ലഭിച്ച് 40-45 ദിവസത്തിനുള്ളിൽ പെൻഷൻ അനുവദിക്കേണ്ടതോ തീർപ്പാക്കേണ്ടതായതോ ആയ പല അപേക്ഷകളും നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാത്തതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താവിന്റെ പേര് | അപേക്ഷ കിട്ടിയ തീയതി | അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| **വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം** | നിർമ്മല, ലക്ഷംവീട് | 18.6.18 | 21.6.18 | 25.1.19 |
| | ശാന്തകുമാരി, കടക്കാംപുറത്ത് | 20.7.18 | 31.7.18 | 25.1.19 |
| **വാർദ്ധക്യകാല പെൻഷൻ** | ദാസൻ, പൊക്കത്തിൽ | 11.4.18 | 11.4.18 | 15.12.18 |
| | നടേശൻ, തെക്കേകോപ്പുഴ | 11.4.18 | 11.4.18 | 15.12.18 |
| | ഭാസുരാംഗി, വല്യക്കട | 17.4.18 | 17.4.18 | 13.12.18 |
| | വാസുദേവൻ, ചെറുകാട് | 20.4.18 | 20.4.18 | 13.12.18 |
| | ശ്രീനിവാസൻ, ഒറ്റശ്ശേരിൽ | 30.4.18 | 30.4.18 | 11.2.19 |
| | 5/18 ൽ ലഭിച്ച 7 അപേക്ഷകൾ | 2.5.18-16.5.18 | 16.5.18 | 18.12.18 |
| | തങ്കച്ചൻ, ലക്ഷ്മികരി | 19.6.18 | 19.6.18 | 11.2.19 |
| **കർഷകത്തൊഴിലാളി പെൻഷൻ** | ഗീത മഠത്തിൽ | 30.1.19 | 30.1.19 | 7.6.19 |
| | മേരിക്കുട്ടി, കോനാട്ട് | 12.2.19 | 15.2.19 | 7.6.19 |
| | അലക്സാണ്ടർ, പുത്തൻതറ | 14.2.19 | 28.2.19 | 7.6.19 |
| **വിധവാ പെൻഷൻ** | വിജയമ്മ, ചെട്ടിക്കരി | 9.5.18 | 16.5.18 | 25.1.19 |
| | ലൈല ചക്കാലപ്പറമ്പ് | 14.5.18 | 16.5.18 | 25.1.19 |
| | ആനന്ദവല്ലി, താമരശ്ശേരി | 28.5.18 | 21.6.18 | 25.1.19 |
| | സൗദാമിനി, കൊച്ചേലിൽ | 25.2.19 | 25.2.19 | 29.6.19 |

| | | | | |
|---|---|---|---|---|
| വികലാംഗ പെൻഷൻ | സദാശിവൻ, കുറിച്ചിക്കുന്നേൽ | 26.6.18 | 15.12.18 | 21.12.18 |
| | രാജേഷ് ചാലിത്തറ | 19.9.18 | 15.12.18 | 21.12.18 |
| | ബൈജു കോപ്പിച്ചിറ | 3.10.18 | 15.12.18 | 21.12.18 |
| | വിജയമ്മ, പുതിയതറ | 17.12.18 | 23.1.19 | 8.5.19 |

അപേക്ഷകൾ സമയബന്ധിതമായി അന്വേഷണോദ്യോഗസ്ഥന് കൈമാറേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി പെൻഷൻ അപേക്ഷകൾ തീർപ്പാക്കേണ്ടതുമാണ്. കർഷകത്തൊഴിലാളി പെൻഷന്റെ 4/18 മുതൽ 12/18 വരെയുള്ള കാലയളവിൽ അപേക്ഷ കിട്ടിയ തീയതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അന്വേഷണോദ്യോഗസ്ഥന് കൈമാറി തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ക്ഷേമപെൻഷനുകളുടെ അപേക്ഷകളിന്മേൽ സമയബന്ധിത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദികുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 20.05.2019-21.05.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 22.05.2019ലെ കെ.എസ്.എ.കെ.ടി.എം പി6-612/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ **ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്** എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,വൈക്കം | 16.03.2019 | 100000 | വികലാംഗരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 100000 | -- |
| ബ്ലോക്ക് പഞ്ചായത്ത്,വൈക്കം | 28.03.2019 | 100000 | പാലിയേറ്റീവ് കെയർ | ---- | 100000 |
| ബ്ലോക്ക് പഞ്ചായത്ത്,വൈക്കം | 20.03.2019 | 538960 | നെൽകൃഷി വികസനം | 538960 | ---- |
| ബ്ലോക്ക് പഞ്ചായത്ത്,വൈക്കം | 16.03.2019 | 50000 | അംഗനവാടി പോഷകാഹാരം | 50000 | --- |
| ബ്ലോക്ക് പഞ്ചായത്ത്, | 07.02.2019 | 1079541 | ലൈഫ് ഭവനിർമ്മാണം | 1079541 | |
| ജില്ലാ പഞ്ചായത്ത്,കോട്ടയം | 25.09.18 | 2627249 | ലൈഫ് ഭവനിർമ്മാണം | 1894523 | 732726 |
| ജില്ലാ പഞ്ചായത്ത്,കോട്ടയം | 22.03.2019 | 250000 | വികലാംഗരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 145374 | 104626 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്,കോട്ടയം | 25.09.18 | 175000 | അംഗനവാടി പോഷകാഹാരം | 175000 | ----- |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്റ്റ് നം | മുൻകൂർ നൽകിയ തുക/ചെക്ക് നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിയ്ക്കൽ | 21800628<br>21800743 | 46183 | 46183 |
| വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ | 21800792<br>21800793 | 638300 | 638300 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(ആർ.റ്റി)നം 823/2010 ത.സ്വ.ഭ.വ 1.8.14 | 895486 | ------- | 895486 | - | ------- |
| ലൈഫ് | സ ഉ (സാധാ) | | 15855316 | - | - | 15855316 |

| | | | | | | |
|---|---|---|---|---|---|---|
| ഭവനപദ്ധതി | 359/17തസ്വഭവ, 08.02.2017 | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം, തീയതി |
|---|---|---|---|---|
| 2015-16 | 02/11 | 1000 | രശ്മി ജെയിംസ് കൈതപ്പറമ്പിൽ | 11820100461/11.06.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71913405 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64016781 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 652232 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 120000 | ശ്രീമതി. സിജി എൻ. നാഥ്, കൃഷി ഓഫീസർ |
| 1-25 | 68820 | ശ്രീ. കെ സുരേഷ്കുമാർ, സെക്രട്ടറി |
| 1-27 | 117038 | ശ്രീ. കെ സുരേഷ്കുമാർ, സെക്രട്ടറി |
| 1-29 | 54375 | ശ്രീ. കെ സുരേഷ്കുമാർ, സെക്രട്ടറി |
| 1-30 | 100000 | ഡോ. ജ്യോത്സ്ന ബഷീർ, മെഡിക്കൽ ഓഫീസർ, പി എച്ച് സി. |
| 1-33 | 191999 | ശ്രീമതി സോണിയ.പി.എസ്. ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 652232 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(1) /2018/08.01.2018 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(2) /2018/ 08.01.2018 | 5 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(3) | 4 |

| | | |
|---|---|---|
| | /2018/ 08.01.2018 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(4) /2018/ 08.01.2018 | 13 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(5) /2018/ 08.01.2018 | 4 |
| 2009-2010 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(6) /2018/08.01.2018 | 14 |
| 2010-2011 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(7) /2018/08.01.2018 | 5 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(8) /2018/08.01.2018 | 9 |
| 2012-13 | എൽ.എഫ്.കെ.പി6/1626/15/12.5.16 | 9 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/587/15/18.08.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/723/16/23.02.17 | 13 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/706/18/27.04.18 | 24 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/1268/17/29.12.17 | 17 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/148/19/03.05.19 | 10 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

## അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി6-1960/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 04.02.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച

ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**